m-110

Office of the Agricultural Officer, Kadakkad Pandalam 689501, Sugarcane Seed Farm

# കാർഷിക വികസന കർഷകക്ഷേമ വകുപ്പ്


## കരിമ്പ് വിത്തുൽപാദനകേന്ദ്രം, പന്തളം, പത്തനംതിട്ട

**ഫോൺ -04734 293955, Mob: 9847678618**


## ദർഘാസ് പരസ്യം

നമ്പർ : എസ്. എഫ് 27 / 22 -23

കേരളാ ഗവർണ്ണർക്കുവേണ്ടി കൃഷിആഫീസർ, കരിമ്പ് വിത്തുൽപാദനകേന്ദ്രം, പന്തളം, പത്തനംതിട്ട, താഴെപ്പറയുന്ന ഉപകരണങ്ങൾ വാങ്ങുന്നതിന് അംഗീകൃത നിർമ്മാതാക്കളിൽ നിന്നും മത്സരസ്വഭാവമുള്ള ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

ദർഘാസുകൾ ഉള്ളടക്കം ചെയ്യുന്ന കവറിൽ വിതരണം ചെയ്യുവാൻ ഉദ്ദേശിക്കുന്ന യന്ത്ര സാമഗ്രികളുടെ ലഘുവിവരണം ഉണ്ടായിരിക്കേണ്ടതും ആയതിൻറെ സ്പെസിഫിക്കേഷനുകൾ ഉൾപ്പെടുത്തേണ്ടതുമാണ്.

ദർഘാസുകൾ ഉള്ളടക്കം ചെയ്യുന്ന കവറിനു മുകളിൽ "ശർക്കര നിർമ്മാണ യൂണിറ്റിലേക്ക് ആവശ്യമായ യന്ത്രോപകരണങ്ങൾ" എന്ന് രേഖപ്പെടുത്തേണ്ടതും കൃഷി ആഫീസർ, കരിമ്പ് വിത്തുൽപാദന കേന്ദ്രം, പന്തളം, പത്തനംതിട്ട എന്ന മേൽവിലാസത്തിൽ അയക്കേണ്ടതുമാണ്.

ദർഘാസുകൾ സ്വീകരിക്കുന്ന അവസാന തീയതി 02/03/2023 കാലത്ത് 11 മണിവരെയാണ്. വൈകിലഭിക്കുന്ന ദർഘാസുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. ദർഘാസുകൾ 02/03/2023 ഉച്ചകഴിഞ്ഞ് 3 മണിക്ക് ഹാജരുള്ള നിർമ്മാതാക്കളുടെയോ അല്ലെങ്കിൽ അവർ രേഖാമൂലം അധികാരപ്പെടുത്തുന്ന ആളുകളുടേയോ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്.

## യന്ത്രോപകരണങ്ങളുടെ വിശദാംശങ്ങൾ

| ക്രമ നം. | ഉപകരണത്തിന്റെ പേരും വിശദാംശങ്ങളും | എണ്ണം |
|---|---|---|
| 1. | Supply, install testing of semi solid dozer (filling machine) for weighing and packing semi solid Jaggery, pneumatically operated mechanism with control panel, weighing capacity 25 gm. to 1 Kg. as per required pre set volume made of S.S 304, sheet thickness not less than 1mm, including all accessories transportation etc. complete with 2 HP air compressor. | (1 No.) |

ദർഘാസിൽ പങ്കെടുക്കുവാൻ താൽപര്യമുള്ള നിർമ്മാതാക്കൾ അപേക്ഷ നേരിട്ട് കൃഷി ആഫീസർ, കരിമ്പ് വിത്തുൽപാദന കേന്ദ്രം, പന്തളം, പത്തനംതിട്ടയ്ക്ക് നൽകേണ്ടതും അവിടെ നിന്നും ലഭിക്കുന്ന നിശ്ചിത മാതൃകയിലുള്ള ദർഘാസ് ഫാറത്തിൽ വേണം ദർഘാസുകൾ സമർപ്പിക്കേണ്ടത്. ടെണ്ടർ ഫോറത്തിനുള്ള അപേക്ഷയോടൊപ്പം 400 രൂപ + GST ടെണ്ടർ ഫാറത്തിന്റെ വിലയായി നൽകേണ്ടതും ആയത് യാതൊരു കാരണവശാലും തിരികെ നൽകുന്നതുമല്ല. ദർഘാസ് പത്രികകൾ കൈമാറ്റം ചെയ്യുവാൻ പാടുള്ളതല്ല. ദർഘാസ് ഫോറങ്ങൾ 01/03/2023 വൈകിട്ട് 5 മണി വരെ മാത്രമേ വിതരണം ചെയ്യുകയുള്ളൂ. ദർഘാസ് പ്രമാണത്തിൻറെ അധിക പകർപ്പിന് ചരക്ക്സേവന നികുതിയടക്കം പ്രത്യേക വില അടക്കേണ്ടതാണ്. കൃഷി ആഫീസർ, കരിമ്പ് വിത്തുൽപാദന കേന്ദ്രം, പന്തളം പി. ഓ, പത്തനംതിട്ടയുടെ പേരിൽ അടച്ച നിശ്ചിത തുക (രേഖപ്പെടുത്തുന്ന നിരക്കിന്റെ 1 % ത്തിൽ കുറയാത്ത തുക) യ്ക്കുള്ള ബാങ്ക് ഡ്രാഫ്റ്റ്, 200 രൂപാ മുദ്രപ്പത്രത്തിൽ തയ്യാറാക്കിയ പ്രാഥമിക കരാർ എന്നിവയും കൂടി ദർഘാസ് പത്രികയോടൊപ്പം സമർപ്പിക്കേണ്ടതാണ്. നിശ്ചിത നിരതദ്രവ്യമില്ലാത്ത ദർഘാസുകൾ നിരസിക്കുന്നതാണ്. പൊതുമരാമത്ത് വകുപ്പിലെ ദർഘാസുകൾ സംബന്ധിച്ച എല്ലാ വ്യവസ്ഥകളും ഇതിനും ബാധകമായിരിക്കും.

## പ്രത്യേക നിബന്ധനകൾ

1. രേഖപ്പെടുത്തിയ നിരക്ക് GST ഉൾപ്പെടെയുള്ള എല്ലാ നിയമാനുസൃത അടവുകളും ഉൾപ്പെടുത്തിയായിരിക്കണം.
2. യന്ത്രോപകരണങ്ങൾ കൃഷി ആഫീസർ, കരിമ്പ് വിത്തുൽപാദന കേന്ദ്രം, പന്തളം പി. ഓ, പത്തനംതിട്ട നിർദ്ദേശിക്കുന്ന സ്ഥലത്ത് സ്ഥാപിക്കേണ്ടതും ആയത് സ്ഥാപിച്ച് പ്രവർത്തനം ബോദ്ധ്യപ്പെടുത്തേണ്ടതുമാണ്.
3. വിതരണം ചെയ്യുന്ന യന്ത്രോപകരണങ്ങൾക്ക് ഏറ്റവും കുറഞ്ഞത് 1 വർഷം വാറന്റി നൽകേണ്ടതാണ്.
4. വിതരണം ചെയ്യുന്ന യന്ത്രോപകരണങ്ങളുടെ പാർട്ട്സുകൾ വരുന്ന 10 വർഷമെങ്കിലും വിതരണം ചെയ്യുമെന്ന് ഉറപ്പാക്കേണ്ടതാണ്.
5. ദർഘാസിന്റെ അന്തിമ അംഗീകാരം ഇതിനായി പ്രത്യേകം നിയോഗിക്കുന്ന സാങ്കേതിക കമ്മിറ്റിയുടെയും കൃഷി ഡയറക്ടറുടേയും അംഗീകാരത്തിനു വിധേയമായിരിക്കും.

പന്തളം
09/02/2023

Office of the Agricultural Officer Sugarcane Seed Farm Kadakkad Pandalam 689501

കൃഷി ആഫീസർ
കരിമ്പ് വിത്തുൽപാദന കേന്ദ്രം
പത്തനംതിട്ട

AGRICULTURAL OFFICER
SUGARCANE SEED FARM
KADAKKAD PANDALAM

പകർപ്പ് :-

1) ഡയറക്ടർ, പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെൻറ്, സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (5 പകർപ്പുകൾ) ആമുഖകത്ത് സഹിതം
2) സൂപ്രണ്ട്, ഗവ: സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം. (3 പകർപ്പുകൾ) ആമുഖകത്ത് സഹിതം
3) കൃഷി വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
4) സമീപ ആഫീസുകൾ
5) കരുതൽ/ അധികം.